**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

നമ്പർ. എ2/83302/2019/റ്റിസി

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി,26.03.2019

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – പൊതുസ്ഥലംമാറ്റം 2019- Spark മുഖേനയുള്ള അപേക്ഷ സമർപ്പണം സുഗമമാക്കുന്നതിന് ജീവനക്കാരുടെ വിശദവിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത് – സംബന്ധിച്ച്

സൂചന :- 1. സർക്കാർ കത്ത് നം.സി3/511/2018-ട്രാൻസ് തീയതി 24.12.2018
2. 06.02.2019-ലെ ഈ ഓഫീസിൽ നിന്നുള്ള നിർദ്ദേശം.

മോട്ടോർ വാഹന വകുപ്പിലെ പൊതുസ്ഥലം മാറ്റം 2019 വർഷം മുതൽ സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് അപേക്ഷ ഓൺലൈൻ ആയി നടത്തേണ്ടതാണെന്ന് സൂചന 1 പ്രകാരം സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും സേവന ചരിത്രം സംബന്ധിച്ച വിവരങ്ങൾ അവരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തി ആയതു ഫെബ്രുവരി 22-നകം സ്പാർക്കിൽ അപ്ഡേറ്റ് ചെയ്ത് നടപടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കുവാൻ സൂചന 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ പല ഓഫീസുകളിലും ടി നിർദ്ദേശം പാലിച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. ആയതിനാൽ **30.03.2019** വൈകുന്നേരം 4.00 മണിക്ക് മുമ്പായി എല്ലാ ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്തിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം ഓഫീസ് മേധാവി, സൂപ്രണ്ട്, സെക്ഷൻ ക്ലാർക്ക് മുതലായവർ 01.04.2019-ന് ഈ കാര്യാലയത്തിൽ ഹാജരായി കാരണം ബോധിപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

26/3/19